# വിദ്യാലയത്തിനെക്കുറിച്ചുള്ള
# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1) വിദ്യാലയത്തിന്റെ പേര് | : | ഗവ. എച്ച്.എസ്.എസ്. പെരിനാട് |
| 2) വിലാസം | : | ചെമ്മക്കാട് പി.ഒ., 691601 |
| 3) ഫോൺ | : | 0474-2550573 |
| 4) സ്കൂൾ കോഡ് | : | 41060 |
| 5) വിദ്യാഭ്യാസ ഉപജില്ല | : | കുണ്ടറ |
| 6) വിദ്യാഭ്യാസ ജില്ല/റവന്യൂ ജില്ല | : | കൊല്ലം, കൊല്ലം |
| 7) സി.ആർ.സി | : | പെരിനാട് |
| 8) ബി.ആർ.സി | : | കുണ്ടറ |
| 9) ഗ്രാമപഞ്ചായത്ത് | : | പെരിനാട് |
| 10) ബ്ലോക്ക് പഞ്ചായത്ത് | : | ചിറ്റുമല |
| 11) ജില്ലാ പഞ്ചായത്ത് | : | കൊല്ലം |
| 12) നിയമസഭാ മണ്ഡലം | : | കുണ്ടറ |
| 13) ലോകസഭാ മണ്ഡലം | : | കൊല്ലം |
| 14) താലൂക്ക് | : | കൊല്ലം |
| 15) വില്ലേജ് | : | പെരിനാട് |
| 16) ഇ-മെയിൽ | : | ghsperinad@gmail.com |

# ആമുഖം

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി കേരള സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഞങ്ങളുടെ വിദ്യാലയം സഹർഷം സ്വീകരിക്കുകയാണ്. വിദ്യാഭ്യാസ രംഗത്തിന്റെ ഭൗതിക, അക്കാദമിക, സാംസ്കാരിക ഭാവങ്ങളെ കാലോചിതമായി കൂട്ടിയിണക്കി വിദ്യാലയ മികവു കൈവരിക്കാനുള്ള കർമ്മപദ്ധതിക്കു തുടക്കം കുറിച്ചു കഴിഞ്ഞിരിക്കുകയാണ്. മതനിരപേക്ഷത, ബഹുസ്വരത, സംഘശക്തി എന്നിവ വളർത്തി, വിദ്യാലയത്തെ സാമൂഹിക മൂല്യത്തിനു മുതൽക്കൂട്ടാക്കുക മാത്രമല്ല, അക്കാദമിക മികവിലൂടെ വിദ്യാർത്ഥിയുടെ പഠനത്തെ കാര്യക്ഷമമാക്കിത്തീർക്കുകയും ജീവിതത്തെ ഊർജ്ജസ്വലമാക്കുകയും ചെയ്യേണ്ടതുണ്ട്. തികച്ചും സാധാരണ കുടുംബാംഗങ്ങളായ വിദ്യാർത്ഥികൾ ആത്മവിശ്വാസമാർജിച്ച്, സമൂഹത്തിന്റെ പൊതുധാരയിൽ നിന്നും പാർശ്വവൽക്കരിക്കപ്പെടാതെ, ശക്തിസ്വാധീനമുള്ളവരായിത്തീരാൻ ആഗ്രഹിച്ചു കൊണ്ടു ലക്ഷ്യബോധത്തോടെയുള്ള പ്രവർത്തനങ്ങളാണ് വിഭാവന ചെയ്യുന്നത്. സ്വന്തം ജീവിതത്തെ അർഥപൂർണമാക്കാനുള്ള ലക്ഷ്യബോധം പഠിതാവിനു ലഭിക്കുവാൻ പര്യാപ്തമാവണം വിദ്യാലയ അക്കാദമിക പ്രവർത്തനങ്ങൾ.

വിദ്യാഭ്യാസ രംഗത്തെ രണ്ടാം തലമുറ പ്രശ്നങ്ങളായ തുല്യത, ഗുണത എന്നിവ ഉറപ്പാക്കാനും ഇവയെ അഭിമുഖീകരിക്കുവാൻ കഴിയും വിധം സ്കൂൾ പഠനാന്തരീക്ഷത്തെ മാറ്റിയെടുക്കുവാനും പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. രക്ഷിതാക്കളിൽ ഗുണമേന്മാ വിദ്യാഭ്യാസത്തെക്കുറിച്ച് അനുകൂല കാഴ്ചപ്പാട് സൃഷ്ടിക്കുവാനും സാമൂഹിക മൂല്യത്തെ അംഗീകരിച്ചുകൊണ്ട് അക്കാദമിക പ്രവർത്തനങ്ങൾ നയിക്കേണ്ടതുണ്ട്. പൂർവാധ്യാപകർ, പൂർവ വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനാ പ്രവർത്തകർ, രാഷ്ട്രീയ സംഘടനാംഗങ്ങൾ, ത്രിതലപഞ്ചായത്ത് സംവിധാനങ്ങൾ-പ്രതിനിധികൾ, മാധ്യമ പ്രവർത്തകർ, വിദ്യാഭ്യാസ വിദഗ്ദ്ധർ, മറ്റെല്ലാ ഔദ്യോഗിക സംവിധാനങ്ങൾ, സുമനസ്സുകൾ എന്നിവരെയെല്ലാം വിദ്യാലയ മികവിനുള്ള ഉപാധികളാക്കിത്തീർക്കുക എന്ന മഹത്തായ രീതി നടപ്പാക്കാനുള്ള തയ്യാറെടുപ്പുകൾക്ക് വിദ്യാലയം തുടക്കമിട്ടു കഴിഞ്ഞു. ജില്ലാ-ഗ്രാമപഞ്ചായത്തുകളുടെ നിർലോഭ സഹകരണം, ബഹു. എം.എൽ.എ കുണ്ടറയുടെ മേൽനോട്ടം, നിയന്ത്രണം, ജനപ്രതിനിധികളുടെ നിരീക്ഷണം എന്നിവ പ്രതീക്ഷിച്ചുകൊണ്ട് കർമ്മപദ്ധതിയുടെ രൂപരേഖ സാമൂഹ്യ വിശകലനത്തിനായി സമർപ്പിക്കുന്നു.

# ലക്ഷ്യങ്ങൾ

## അക്കാദമിക മികവിന് ലക്ഷ്യവേധിയായവ

- പഠന വിഷയങ്ങളിൽ-ആശയവ്യക്തത കൈവരിക്കുക.
- മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ ആശയവിനിമ ശേഷി വളർത്തുക. അനായാസ സംഭാഷണം സാധ്യമാക്കുക.
- ഗണിതശാസ്ത്ര സംബന്ധിയായി നിലനിൽക്കുന്ന പിന്നോക്കാവസ്ഥ പരിഹരിച്ച് അടിസ്ഥാന ശേഷീ പ്രബലനം സാധ്യമാക്കുക, താൽപര്യം ജനിപ്പിക്കുക.
- ശാസ്ത്രാഭിമുഖ്യം വളർത്തുക. നിത്യജീവിതവുമായി ബന്ധപ്പെടുന്ന മേഖലകളിൽ പഠിതാക്കൾക്ക് അവരുടേതായ സംഭാവനകൾ നൽകാൻ കഴിയുക, ആശയധാരണം ശക്തമാക്കുക.
- കുട്ടിശാസ്ത്രജ്ഞനെ തെരഞ്ഞെടുക്കുക(Little Scientist)
- ലബോറട്ടറി സംവിധാനം കാര്യക്ഷമമാക്കുക.
- ഐ.ടി.വിഷയത്തിൽ ധാരണാശേഷി വർധിപ്പിക്കുക. മികവു നേടാനാവശ്യമായ നൈപുണ്യം വികസിപ്പിക്കുക.
- പരിസ്ഥിതി വിജ്ഞാനത്തിന്റെ പ്രാധാന്യമുൾക്കൊണ്ട് എല്ലാ വിഷയങ്ങളുമായി സമന്വയിക്കുന്ന പഠനരീതി ആർജ്ജിക്കുക.
- മദ്യപാനം, മയക്കുമരുന്ന് തുടങ്ങിയവയിൽ നിന്നും സ്വയം ഒഴിവാകാനുള്ള മാനസികാരോഗ്യം വളർത്തിയെടുക്കുക.
- പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് മികവു നേടാൻ അവസരങ്ങൾ ഒരുക്കുക.
- പാഠ്യേതര മികവുയർത്തുന്നതിനാവശ്യമായ ഭൗതിക മാനസിക സാംസ്കാരിക പരിസരം, സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഒരുക്കുക.
- സ്കൂൾ ലൈബ്രറി നവീകരണത്തിലൂടെ അക്കാദമിക പര്യാപ്തത വർധിപ്പിക്കുക. ഗ്രാമീണ ഗ്രന്ഥശാലയുമായി സംയോജിത പ്രവർത്തനം-ജനകീയ വായനാ സംസ്കാരത്തെ പരിപോഷിപ്പിക്കുക.
- ജനാധിപത്യ വിദ്യാലയം എന്ന കാഴ്ചപ്പാട് സാർഥമാക്കുക. മതനിരപേക്ഷത ഉയർത്തുന്ന മൂല്യങ്ങൾ സാക്ഷാത്കരിക്കുക.
- പൊതുവിജ്ഞാനത്തിന്റെ ഊർജ്ജസ്വലത പഠിതാക്കളിൽ വളർത്തുക.

- എന്റെ വിദ്യാലയമെത്ര സുന്ദരം എന്ന കാഴ്ചപ്പാടിന് അനുകൂലമായി പ്രവർത്തിക്കുക. ശുചിത്വം, ആരോഗ്യം, അച്ചടക്കം എന്ന മികവു കൈവരിക്കുക.
- കാർഷിക സംസ്കാരം ജീവിതത്തിൽ പ്രധാനപ്പെട്ടതാണെന്ന തിരിച്ചറിവും, പ്രയോഗവും സാധ്യമാക്കുക.
- പ്രതിഭകളെ പോഷിപ്പിക്കുന്നതിനാവശ്യമായ മാർഗങ്ങൾ കണ്ടെത്തുന്നു.
- ഭിന്നശേഷി പഠിതാക്കളെ കർമ്മശേഷിയിലേക്കു നയിക്കുന്ന ഉചിതമായ പഠനരീതി വികസിപ്പിക്കുക.
- നാളേക്ക് വേണ്ടി എന്ന പ്രവർത്തന സഞ്ചയം സാർത്ഥകമാക്കുക (For Tomarrows@ GHS Perinad)

# വിദ്യാലയത്തിന്റെ ലഘുചരിത്രം

പെരിനാട് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ നാടിന്റെ തിലകക്കുറിയായ സ്ഥാപനമാണ്. ചിറയിൽ സ്കൂൾ എന്ന പ്രാദേശിക നാമത്തിൽ അറിയപ്പെടുന്നു. വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകിയ പ്രബുദ്ധകാലഘട്ടത്തിൽ സുമനസ്സുകൾ പരിശ്രമിച്ചതിന്റെ ഫലമായാണീ വിദ്യാലയം രൂപം കൊണ്ടത്. 1981 ൽ ആരംഭിച്ച വിദ്യാലയം അന്നു പ്രവർത്തിച്ചത് എൻ.എസ്.എസ്. കരയോഗ മന്ദിരത്തിലായിരുന്നു. തികച്ചും സാധാരണക്കാരായ പെരിനാടിന്റെ പൊതുസമൂഹത്തിനു വേണ്ടി സമർപ്പിച്ച വിദ്യാലയം പിന്നീട് പൂർവകാല അധ്യാപകരാൽ വിജയത്തിന്റെ പടവുകൾ കയറി. അന്നു നിലനിന്ന അസൗകര്യങ്ങളിലും അപര്യാപ്തതകളിലും പഠിച്ചു വന്ന വിദ്യാർത്ഥികളിൽ പലരുമിന്ന് സിവിൽ സർവ്വീസിന്റെ ഉയരങ്ങളിൽ പ്രവർത്തിക്കുന്നു. കശുവണ്ടി തൊഴിലാളികൾ, കയർ തൊഴിലാളികൾ, കൂലിവേലക്കാർ തുടങ്ങിയ രക്ഷിതാക്കളുടെ മക്കളാണീ വിദ്യാലയത്തിന്റെ അവകാശികൾ.

കൊല്ലം-തേനീ ദേശീയപാതയുടെ വശത്തായി പെരിനാട് ഗ്രാമപഞ്ചായത്തിനു സമീപം വില്ലേജ് ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്നു. കുണ്ടറ നിയോജകമണ്ഡലത്തിലും പെരിനാട് ഗ്രാമപഞ്ചായത്തിലും കൊല്ലം ജില്ലാ പഞ്ചായത്തിലും ഉൾപ്പെടുന്ന പ്രദേശമാണിത്. സമൃദ്ധയായി ജലം നിറഞ്ഞ ഒരു ചിറ-ജലാശയം വ്യാപിച്ചു കിടന്ന സ്ഥലത്താണീ വിദ്യാലയം നിൽക്കുന്നത്. വെള്ളക്കെട്ടിന്റെ വർഷകാല ശല്യം വിദ്യാലയ ഭൂമിയിലുണ്ട്. ജനകീയ മുന്നേറ്റങ്ങളുടെ സംഘശക്തിയുടെ വിളംബരങ്ങൾക്ക് ചുക്കാൻ പിടിച്ച ചരിത്രം പെരിനാടിന് അവകാശപ്പെട്ടതാണ്. ഈ നാട്ടുവിദ്യാലയം ചരിത്ര സംഭവങ്ങൾക്കും സാക്ഷിയായി നിലകൊണ്ടിരുന്നു. പെരിനാട് ലഹള എന്ന പേരിൽ കേരള ചരിത്രത്തിലിടം പിടിച്ച പെരിനാട് സമരം-അതിന്റെ സ്മാരകമായി നിലകൊള്ളുന്ന പെരിനാട് ഗ്രാമീണ ഗ്രന്ഥശാല ഈ വിദ്യാലയത്തിനു സമീപത്താണ്. ഗതാഗത സൗകര്യം എന്നിവ സമ്മേളിച്ച വിദ്യാലയമായി മാറിയിരിക്കുന്നു.

കൊല്ലം പഞ്ചായത്തിന്റെ നിർലോഭമായ സഹകരണം, ഗ്രാമപഞ്ചായത്തിന്റെ നിരീക്ഷണം, സഹായം എന്നിവ വിദ്യാലയത്തിന്റെ സവിശേഷതയാണ്. 2007, 2008, 2009 കാലഘട്ടങ്ങളിൽ സംസ്ഥാന ഗവൺമെന്റിന്റെ പുലരി പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന വിദ്യാലയം അക്കാദമികവും ഭൗതികവുമായ മികവുകൾ നേടിയെടുത്തിരുന്നു. തുടർച്ചയായി അക്കാലത്ത് എസ്.എസ്.എൽ.സി വിജയശതമാനം സമ്പൂർണമായി. 2017 ൽ നടന്ന എസ്.എസ്.എൽ.സി പരീക്ഷയിലും പെരിനാട് ഗവ. ഹൈസ്കൂൾ നൂറുശതമാനം വിജയം നേടിയിരുന്നു. സാധാരണക്കാരന്റെ ജീവിതത്തിനു വെളിച്ചം നൽകിയ ചരിത്രമാണ് പെരിനാട് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന്റെ പ്രധാന അടയാളമായിക്കാണാൻ കഴിയുന്നത്. സെക്കന്ററി, ഹയർ സെക്കന്ററി വിഭാഗങ്ങൾ പ്രവർത്തിക്കുന്നു.

# വിദ്യാലയം-മികവിന്റെ കേന്ദ്രം
## കാഴ്ചപ്പാട്

- പോരായ്മകളിൽ നിന്നും കുറവുകളിൽ നിന്നും മോചനമരുളുവാൻ പര്യാപ്തമാകണം വിദ്യാഭ്യാസം എന്ന കാഴ്ചപ്പാടാണ് വിദ്യാലയത്തെ മികവിലേക്കു നയിക്കുന്നത്.
- വ്യക്തിയുടെ-വിദ്യാർത്ഥിയുടെ അഭിലഷണീയമായ വികാസം സാധ്യമാക്കാനുതകുന്നതാകണം വിദ്യാലയ ജീവിതം. ഈ കാഴ്ചപ്പാടിലൂടെയാണ് മികവിലേക്കെത്താൻ ശ്രമിക്കുന്നത്.
- പഠിതാവിൽ ആത്മവിശ്വാസം വളർത്തുന്ന പ്രവർത്തനങ്ങൾ നൽകുക. സജീവ താൽപര്യത്തോടെ വിദ്യാലയ പ്രവർത്തനങ്ങളിൽ പങ്കാളിയാവുക.
- മാതൃഭാഷ, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ ആശയവിനിമയശേഷി വികസിപ്പിക്കുക. അതിനാവശ്യമായ പഠന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- ആധുനിക ശാസ്ത്ര സാങ്കേതിക സൗകര്യങ്ങൾ കൂട്ടിയിണക്കുന്ന രീതി അവലംബിക്കുക.
- വിദ്യാലയ പ്രവർത്തനങ്ങൾ ഹ്രസ്വകാലം, മധ്യമകാലം, ദീർഘകാലം എന്നീ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്തു നടപ്പാക്കുക.
- ശാസ്ത്ര, ഗണിത ശാസ്ത്രാഭിമുഖ്യം വളർത്തുന്ന രീതിയിൽ-താല്പര്യജനകമാക്കി വിദ്യാലയപ്രവർത്തനങ്ങളെ മാറ്റുക.
- ജനാധിപത്യ പരിസ്ഥിതി സൗഹൃദ വിദ്യാലയം എന്ന മികവ് കൈവരിക്കുക.
- സ്വയം പഠനശേഷിയും ലൈബ്രറി ഉപയോഗവും ശക്തിപ്പെടുത്തുക.
- മികച്ച മാനസിക ശാരീരികാരോഗ്യം ഉറപ്പാക്കാനാവശ്യമായ കായിക പരിശീലനം, കൗൺസലിംഗ് സംവിധാനങ്ങൾ എന്നിവ കുറ്റമറ്റതാക്കുക.
- വിദ്യാലയത്തിന്റെ ജനകീയ പിന്തുണാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക. അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുക.
- മൂല്യനിർണയ പ്രക്രിയ നിരന്തര നിരീക്ഷണങ്ങൾക്കും വിലയിരുത്തലിനും വിധേയമാക്കി പഠനപ്രവർത്തനങ്ങൾ അനുയോജ്യമാക്കിത്തീർക്കുക.

- അധ്യാപികമാരുടെ കർമ്മശേഷിയെ ഉണർത്താനാവശ്യമായ സാമൂഹിക ഇടപെടലുകളിലേക്ക് അവരെ നയിക്കുക.
- രക്ഷാകർത്തൃ സമൂഹത്തെയും സുമനസ്സുകളെയും വിദ്യാലയ പ്രവർത്തനത്തിൽ പങ്കാളികളാക്കുന്ന രീതിയിൽ അക്കാദമിക പ്രവർത്തനങ്ങൾ വിപുലമാക്കുക.
- വിദ്യാലയത്തെ-കാമ്പസിനെ-പുസ്തകമാക്കിത്തീർക്കുന്ന രീതിയിൽ ശുചിത്വം, ജൈവപരിപാലനം എന്നിവയ്ക്ക് പ്രോത്സാഹനം നൽകുക.
- വിദ്യാലയം ആകർഷകമാക്കുക.
- വൈജ്ഞാനികമേഖല വികസിക്കുന്നതിനാവശ്യമായ അധിക വായന പ്രവർത്തനങ്ങൾക്കു സാഹചര്യമൊരുക്കുക.
- ഭിന്നശേഷി പഠിതാക്കളെ പൊതുധാരയുടെ ഭാഗമാക്കുക.

# പദ്ധതി രൂപീകരണ പ്രക്രിയ

## വിവിധ ഘട്ടങ്ങൾ

- പെരിനാട് ഗവ. സ്കൂൾ അക്കാദമിക മികവ് കൈവരിക്കാനുതകുന്ന മാർഗ ങ്ങൾ യാഥാർത്ഥ്യബോധത്തിലധിഷ്ഠിതമായി ആസൂത്രണം ചെയ്തു.
- ഗുണനിലവാരത്തിന്റെ നിലനിൽപ്പും നേട്ടവും കോട്ടങ്ങളും ചർച്ച ചെയ്തു. അധ്യാപക-അനധ്യാപക കൂട്ടായ്മ, എസ്.ആർ.ജി, എസ്.എസ്.ജി, എസ്.എം.ഡി.സി, പൂർവാധ്യാപകർ, പൂർവ വിദ്യാർത്ഥികൾ വിവിധ സംഘട നാംഗങ്ങൾ, ജനപ്രതിനിധകൾ എന്നിവർ പങ്കെടുത്തു.
- ഗുണതാ സൂചകങ്ങൾ ഉപയോഗിച്ചു നിലവിലുള്ള അവസ്ഥ വിശകലനം ചെയ്ത് ഭാവി പരിപാടികൾ ആസൂത്രണം ചെയ്തു.
- സമഗ്രവികസന രൂപരേഖ-കരട് ചർച്ചകൾക്കും പൊതുഇടപെടലിനും വിധേ യമാക്കി-ഏകദിന ശില്പശാല സംഘടിപ്പിച്ചു.
- വിദ്യാലയ വികസന ശില്പശാലയിൽ ഗ്രാമ, ജില്ലാ പഞ്ചായത്തു സാരഥികൾ, പ്രതിനിധികൾ, അഭ്യുദയാകാംക്ഷികൾ, മാധ്യമപ്രവർത്തകർ, സംഘടനാ പ്രതി നിധികൾ, പൂർവ വിദ്യാർത്ഥികൾ, പൂർവ അധ്യാപകർ എന്നിവർ പങ്കെടുത്തു.
- നിർദ്ദേശങ്ങൾ, നിഗമനങ്ങൾ, സമഗ്ര കാഴ്ചപ്പാടിലൂന്നിയ തിരുത്തലുകൾ എന്നിവ സ്വീകരിച്ചു.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ-ഒറ്റനോട്ടത്തിൽ

- ഹ്രസ്വകാലം
- മധ്യമകാലം
- ദീർഘകാലം

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാ ശേഷീ വികസനം<br>• ഇംഗ്ലീഷ് പ്രബലനം<br>• ഹിന്ദി എളുപ്പമാക്കുക<br>• ശാസ്ത്രാഭിമുഖ്യം വളർത്തൽ<br>• വായനാപരിശീലനം ലൈബ്രറി ശാക്തീകരണം<br>• പഠനയാത്രകൾ<br>• സെമിനാറുകൾ-ദിനാചരണങ്ങൾ<br>• കലാകായിക മേളകൾ<br>• ഐ.ടി.പരിശീലനം<br>• 8-ാം ക്ലാസ്സിന്റെ പ്രബലനം<br>• നിത്യവും എല്ലാ കുട്ടികളെയും സ്കൂളിലെത്തിക്കാനുള്ള ശ്രമം<br>• എസ്.ആർ.ജി ശാക്തീകരണം<br>• വിദ്യാലയപരിസരം ആകർഷകമാക്കൽ<br>• ഭിന്നശേഷീ പഠിതാക്കൾ മുൻനിരയിലേക്ക്<br>• ശുദ്ധാഹാരം, ജലം കുട്ടിയുടെ അവകാശം<br>• ഗണിതം-എളുപ്പമാക്കൽ<br>• പൊതുവിജ്ഞാനമെന്ന ചക്രവാളം<br>• ഡെമോ സ്കൂൾ<br>• Radio@GHS Perinad<br>• അഭിമുഖങ്ങൾ<br>• സജീവ മൂല്യനിർണയം<br>• അധ്യാപികാ ശാക്തീകരണം | • ഓഫീസ് മുറി സുസജ്ജമാക്കൽ<br>• സ്റ്റാഫ്മുറി സുസജ്ജമാക്കൽ<br>• ലൈബ്രറി സുസജ്ജമാക്കൽ<br>• അടുക്കള നവീകരണം<br>• ഡൈനിംഗ്ഹാൾ<br>• അസംബ്ലിഹാൾ<br>• മാലിന്യ സംസ്കരണ പ്ലാന്റ്<br>• വിശ്രമ മുറി (girl friendly rooms)<br>• കമ്പ്യൂട്ടർ റൂം<br>• മൾട്ടിമീഡിയ റൂം സജ്ജീകരണം<br>• ആധുനിക സംവിധാനങ്ങൾക്ക് അനുസൃതമായി ക്ലാസ്സ് മുറി നിർമ്മാണം | • പി.ടി.എ ശാക്തീകരണം<br>• എസ്.എം.ഡി.സി കാര്യക്ഷമമാക്കൽ<br>• വിദ്യാലയ വികസന സമിതി വികസനം-കാഴ്പ്പാട് രൂപീകരണം.<br>• ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, വിദ്യാഭ്യാസ പ്രവർത്തകർ, വ്യവസായ ഗ്രൂപ്പുകൾ, പൂർവ വിദ്യാർത്ഥികൾ, പൂർവാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, മാധ്യമ പ്രവർത്തകർ, വ്യവസായികൾ എന്നിവരെ വിദ്യാലയ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുക. |

# എച്ച്.എസ്.എസ്.വിഭാഗം

# എച്ച്.എസ്.എസ്.വിഭാഗം

## ഭൗതികം

1) കളിസ്ഥലം
2) ക്ലാസ്സ് മുറി/ഓഫീസ് മുറി
3) കമ്പ്യൂട്ടർ/മൾട്ടി മീഡിയ റൂം
4) ലൈബ്രറി
5) കുടിവെള്ള വിതരണം
6) മാലിന്യ സംസ്കരണം
7) ടോയ്‌ലറ്റ്
8) ലബോറട്ടറി
9) സെമിനാർ ഹാൾ
10) ഓഡിറ്റോറിയം
11) എസ്.പി.സി ഓഫീസ് റൂം/ഡ്രെസ്സിംഗ് റൂം
12) വാഹന ഷെഡ്
13) കാന്റീൻ

# ഭൗതികം

## പ്രവർത്തനം 1 : കളിസ്ഥലം

| | | | |
|---|---|---|---|
| കായിക വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കൽ, ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | മുഴുവൻ കുട്ടികൾക്കും വിവിധതരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിൽ വിവിധ സൗകര്യങ്ങൾ ഒരുക്കിയുള്ള വിശാലമായ കളിസ്ഥലം നിർമ്മിക്കൽ | 1 വർഷത്തിനകം | PTA, LSGD |

## പ്രവർത്തനം 2 : ക്ലാസ്സ് മുറി, ഓഫീസ് മുറി

| | | | |
|---|---|---|---|
| കുട്ടികളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനായി ഹൈ-ടെക് ക്ലാസ്സ് റൂം നിർമ്മിക്കൽ, അനുയോജ്യമായ രീതിയിൽ ഓഫീസ് മുറികൾ നവീകരിക്കൽ | നവീകരിച്ച് സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിക്കുക അവ ആകർഷവും, ഉപയോഗപ്രദവും ആകുക, വിശാലമായ സ്റ്റാഫ് റൂം, കുട്ടികളെ ശ്രദ്ധിക്കാൻ കഴിയുന്ന വിധത്തിൽ ആധുനിക സൗകര്യങ്ങളുള്ള പ്രിൻസിപ്പൽ റൂം നിർമ്മാണം | 1 വർഷം | PTA, MLA Fund LSGD |

## പ്രവർത്തനം 3 : കമ്പ്യൂട്ടർ/മൾട്ടി മീഡിയ റൂം

| | | | |
|---|---|---|---|
| ആധുനിക സൗകര്യങ്ങളോടു കൂടിയ മൾട്ടി മീഡിയ റൂം സ്ഥാപിക്കൽ | 2:1 ratio യിൽ കമ്പ്യൂട്ടർ സ്ഥാപിക്കൽ, എല്ലാവിധ സൗകര്യങ്ങളുമുള്ള കമ്പ്യൂട്ടർ ലാബ് നിർമ്മിക്കൽ | 1 വർഷം | PTA, MP Fund |

## പ്രവർത്തനം 4 : ലൈബ്രറി

| | | | |
|---|---|---|---|
| വായനാശീലം വർദ്ധിപ്പിക്കുന്നതിന് | ഡിജിറ്റൽ സംവിധാനമുള്ള ആധുനിക ലൈബ്രറി സ്ഥാപിക്കൽ | 1 വർഷം | LSGD |

### പ്രവർത്തനം 5 : കുടിവെള്ള വിതരണം

| | | | |
|---|---|---|---|
| ശുദ്ധജലം യഥേഷ്ടം ലഭ്യമാക്കൽ | ശുദ്ധജല വിതരണ ശൃംഖലയിലെ ജലം എല്ലാ ടാങ്കിലും എത്തുന്നതിനുള്ള ക്രമീകരണം | 1 വർഷം | LSGD |

### പ്രവർത്തനം 6 : മാലിന്യ സംസ്ക്കരണം

| | | | |
|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്ക്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | 1 വർഷം | SSG |

### പ്രവർത്തനം 7 : ടോയ്‌ലറ്റ്

| | | | |
|---|---|---|---|
| ശുചിത്വം | സൗകര്യപ്രദമായ സ്ഥലത്ത് ഇരുനിരകളിലായി ശൗചാലയ സമുച്ചയം നിർമ്മിക്കൽ (20 എണ്ണം) | 1 വർഷം | MLA Fund LSGD |

### പ്രവർത്തനം 8 : ലബോറട്ടറി

| | | | |
|---|---|---|---|
| ശാസ്ത്രീയമായ ലാബ് നിർമ്മിക്കൽ | ആകർഷകമായ വിധത്തിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി, കൊമേഴ്സ്, കമ്പ്യൂട്ടർ ലാബുകൾ നിർമ്മിക്കൽ | 1 വർഷം | LSGD |

### പ്രവർത്തനം 9 : സെമിനാർ ഹാൾ

| | | | |
|---|---|---|---|
| ആധുനിക സൗകര്യങ്ങളോടു കൂടിയ സെമിനാർ ഹാൾ | SPC, ASAP തുടങ്ങിയ പദ്ധതികൾക്കും വിവിധ ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ കോച്ചിംഗ് സെന്ററുകൾ, ഗവ. ഏജൻസീസ് ഓർഗനൈസേഷൻ തുടങ്ങിയവർ കുട്ടികൾക്കും അദ്ധ്യാപകർക്കുമായി നടത്തുന്ന ക്ലാസ്സുകൾ ഒരുക്കൽ | 1 വർഷം | ജില്ലാ പഞ്ചായത്ത് MLA Fund |

## പ്രവർത്തനം 10 : ഓഡിറ്റോറിയം

| | | | |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഒരുമിച്ചിരുന്ന് പരിപാടികൾ ആസ്വദിക്കുക. കലാ മത്സരങ്ങൾ, യുവജനോത്സവങ്ങൾ സംഘടിപ്പിക്കുക. | മികച്ച രീതിയിലുള്ള ഓഡിറ്റോറിയം നിർമ്മിക്കൽ | 1 വർഷം | MLA Fund |

## പ്രവർത്തനം 11 : SPC Office Room/Dressing Room

| | | | |
|---|---|---|---|
| എസ്.പി.സി ശാക്തീകരണം | നല്ല രീതിയിൽ നടക്കുന്ന എസ്.പി.സി യെ ശാക്തീകരിക്കാൻ കുട്ടികൾക്ക് ഡ്രെസ്സ് ചെയ്യുന്നതിനും, വിശ്രമിക്കുന്നതിനും ആവശ്യമായ സുസജ്ജമായ മുറികൾ നിർമ്മിക്കൽ, അനുബന്ധ സാധനങ്ങളും ഫയലുകളും സൂക്ഷിക്കുന്നതിനുള്ള ഓഫീസ് മുറി നിർമ്മിക്കൽ | 1 വർഷം | MP Fund |

## പ്രവർത്തനം 12 : വാഹന ഷെഡ്

| | | | |
|---|---|---|---|
| സ്കൂൾ ബസ്, കുട്ടികളുടെയും അദ്ധ്യാപകരുടെയും സ്കൂൾ സന്ദർശിക്കുന്നവരുടെയും വാഹനങ്ങൾ സംരക്ഷിക്കുക. | സ്കൂൾ ബസ്, കുട്ടികളുടെ സൈക്കിൾ മറ്റ് വാഹനങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ ഷെഡുകൾ നിർമ്മിക്കൽ | 1 വർഷം | LSGD |

## പ്രവർത്തനം 13 : കാന്റീൻ

| | | | |
|---|---|---|---|
| ആഹാര സാധനങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുക | കുട്ടികൾക്കും അധ്യാപകർക്കും ആവശ്യമായ കാന്റീൻ നിർമ്മിക്കൽ | 1 വർഷം | LSGD MLA Fund |

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

## അക്കാദമികം

1. ഭാഷാശേഷി വികസനം (ഭാഷാലാബ്)
2. ഗണിതശേഷി വികസനം (ഗണിതലാബ്)
3. ഇംഗ്ലീഷ് പഠന പരിപോഷണം
4. ശാസ്ത്ര പോഷണ പരിപാടി
5. ലബോറട്ടറി പരിഷ്കരണം
6. വായനാ പരിപോഷണം (ലൈബ്രറി)
7. ജൈവ വൈവിധ്യ പാർക്ക്
8. പഠന യാത്രകൾ
9. കലാകായിക മേള
10. ഐ.ടി.പരിശീലനം
11. ക്ലാസ്സ് പി.ടി.എ സജീവമാക്കൽ
12. ഗവേണാത്മകമായ പ്രവർത്തനങ്ങൾ

# പ്രതീക്ഷിത നേട്ടങ്ങൾ

- വിദ്യാർത്ഥി സൗഹൃദപരമായ പഠന പ്രവർത്തനങ്ങൾ മികവിലെത്തുന്നു.
- സ്കൂൾ-സമൂഹ കൂട്ടായ്മ രൂപപ്പെടുന്നു.
- വിദ്യാലയത്തിൽ പ്രവേശനത്തിനെത്തുന്ന വിദ്യാർത്ഥികളുടെ എണ്ണം വർധിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാലയത്തെക്കുറിച്ച് നാടിനും നാട്ടുകാർക്കും അഭിമാനകരമായ മനോഭാവം രൂപപ്പെടുന്നു.

# ഉപസംഹാരം

ആഗോളീകരണം, വാണിജ്യവൽക്കരണം, നവമാധ്യമ പ്രസരം എന്നിവയുടെ ഫലമായി മനുഷ്യന്റെ വിശാലലോകം ചെറുഗോളമായി ചുരുങ്ങിക്കൊണ്ടിരിക്കുന്നു. പൊതു ഇടങ്ങളും സംഘശക്തിയും മാനവിക മൂല്യങ്ങളും അകലെയായിക്കഴിഞ്ഞ ഇക്കാലം-ശാസ്ത്രപുരോഗതിയുടെ സൗകര്യങ്ങൾ ആവോളം ആസ്വദിക്കുകയും, സ്വകാര്യവൽക്കരണത്തിന്റെ തണലിൽ അന്ധവിശ്വാസങ്ങളെ ഊട്ടിയുറപ്പിച്ചു മുന്നേറുകയാണ്. നമ്മുടെ നാടിതുവരെ നേടിയെടുത്ത നവോത്ഥാന മൂല്യങ്ങൾ നഷ്ടപ്പെടുന്നതായി കാണാൻ കഴിയുന്നു. ലോകത്തെവിടെയും മനുഷ്യനും മനുഷ്യത്വവുമാണ് പുലരേണ്ടത് എന്ന കാഴ്ചപ്പാട് പരിപോഷിപ്പിക്കേണ്ടിയിരിക്കുന്നു. സമഗ്രവും ശാസ്ത്രീയവുമായ കർമപദ്ധതികൾ വിദ്യാഭ്യാസത്തിൽ ആവിഷ്ക്കരിക്കുന്നതിലൂടെ മാത്രമേ ഇന്നത്തെ പ്രശ്നങ്ങൾ പരിഹരിക്കാനാവു. വരും തലമുറയെ വെളിച്ചം നിറഞ്ഞവരാകാൻ നമുക്കു സാധിക്കും. അതിന്റെ മാർഗരേഖ പൊതുവിദ്യാഭ്യാസമാണ്. അധ്യാപക സമൂഹത്തിന്റെ ആത്മാർത്ഥമായ കഠിനപരിശ്രമം ഇതിനായി കാലഘട്ടം ആവശ്യപ്പെടുന്നു. പെരിനാടിന്റെ സാമൂഹിക പുരോഗതിക്കു ഭാഗമാകാൻ, വരും നാളേക്ക് വേണ്ടി പ്രതീക്ഷയോടെ........ കർമ്മപദ്ധതി സമർപ്പിക്കുകയാണ്.

# നിലവിലെ അവസ്ഥ - വിശകലനം

എച്ച് .എസ് വിഭാഗം വിദ്യാർത്ഥികൾ

| വിദ്യാർത്ഥികൾ | |
|---|---|
| ആൺ | പെൺ |
| 19 | 13 |
| ആകെ - 32 | |

ഹയർസെക്കൻഡറി വിഭാഗം

| വിദ്യാർത്ഥികൾ | |
|---|---|
| ആൺ | പെൺ |
| 103 | 118 |
| ആകെ - 221 | |

ആകെ അധ്യാപകർ - ഹയർസെക്കൻഡറി

താൽക്കാലിക അധ്യാപകർ – 1

നോൺ ടീച്ചിംഗ് - 2

ആകെ അധ്യാപകർ - 12

ആകെ അധ്യാപകർ - ഹൈസ്കൂൾ - 6

നോൺ ടീച്ചിംഗ് - 4

കൗൺസിലർ - 1 ഐ ഇ ഡി വിഭാഗം ടീച്ചർ - 1

**ഭൗതികം - നേട്ടങ്ങൾ :**

ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ ജില്ലാ പഞ്ചായത്ത് ചുറ്റുമതിൽ ,പ്രവേശന കവാടം എന്നിവ നിർമ്മാണം പൂർത്തീകരിച്ചു .വെള്ളക്കെട്ടിന്റെ ശല്യം ഉണ്ടായിരുന്ന വിദ്യാലയ പരിസരം നടപ്പാത ടൈലുകൾ പാകി വൃത്തിയാക്കിയിട്ടുണ്ട് .ഐടി ലാബ് ,സയൻസ് ലാബ് ,ഓഫീസ് റൂം എന്നിവ പ്രവർത്തിക്കുന്ന മുറികൾ ഉറപ്പുള്ളവയാണ് .

**ഭൗതികം - പരിമിതികൾ :**

പൂന്തോട്ടം , ജൈവവൈവിധ്യ പാർക്ക് എന്നിവയ്ക്ക് ആവശ്യമായ ഭൂമിയില്ല. കുട്ടികളുടെ കളിസ്ഥലം തന്നെ പരിമിതമാണ്. കളിസ്ഥലം മഴക്കാലത്ത് വെള്ളക്കെട്ടിൽ മുങ്ങി കിടക്കുന്ന രീതിയിലാണ് .

**അക്കാദമിക നേട്ടങ്ങൾ :**

2024 - 25 അക്കാദമിക വർഷം എസ്എസ്എൽസി പരീക്ഷ എഴുതിയ 26 പേരിൽ 9 കുട്ടികൾ 10 എ പ്ലസ് നേടി. 100% വിജയം കൈവരിച്ചു .ലൈബ്രറി പുസ്തകങ്ങൾ മിതമായ എണ്ണം നിലവിലുണ്ട് .വിവിധ ക്ലബ്ബുകൾ സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ എന്നിവയിൽ സാമൂഹിക പങ്കാളിത്തം നിലനിൽക്കുന്നുണ്ട് . ജില്ലാ ഗ്രാമപഞ്ചായത്തുകളുടെ നിർലോഭമായ സഹായ സഹകരണങ്ങൾ വിദ്യാലയത്തിന് മുതൽക്കൂട്ടായിട്ടുണ്ട് .ജില്ലാ പഞ്ചായത്ത് അംഗം നിരന്തരമായി സ്കൂൾ പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കുന്നത് കൊണ്ട് സാമൂഹിക ഇടപെടൽ സാധ്യമാക്കുന്നു.

മേഖല ——ഹൈസ്കൂൾ. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1 ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കാൻ | 1പ്രി ടെസ്റ്റ്<br><br>2അക്ഷരമുറപ്പിക്കൽ<br>3 ചിഹ്നം ഉറപ്പിക്കൽ<br>4വാക്കുകൾ നിർമ്മിക്കുക<br>5വാക്യങ്ങൾ നിർമ്മിക്കുക<br>6ചിത്രത്തിന് അടിക്കുറിപ്പ്<br>7തയ്യാറാക്കുക<br>8ചിത്രം കഥയെഴുതൽ<br>9ഭാഷാപരമായി 10പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | ജൂൺ ജൂലൈ | പുസ്തകങ്ങൾ ചിത്രങ്ങൾ | പി ടി എ അധ്യാപകർ |
| 2കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | 1ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2ലൈബ്രറി നവീകരണ പ്രവർത്തനങ്ങൾ<br>3വായനോത്സവം<br>4പത്രവായന<br>5പുസ്തക ചർച്ച<br>6വായനാനുഭവം<br>7വായന കുറിപ്പ് 8തയ്യാറാക്കൽ<br>9വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനങ്ങൾ<br>10ദിനാചരണം<br>11കലാകാരന്മാരുമായി അഭിമുഖം തയ്യാറാക്കൽ<br>12ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13ആസ്വാദ്യകരമായ വായന<br>14ഇ-വായന | ആഗസ്റ്റ് സെപ്റ്റംബർ | സ്കൂൾ ലൈബ്രറി പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഇന്റർനെറ്റ് കമ്പ്യൂട്ടർ | പി ടി എ അധ്യാപകർ |
| 3കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | 1എഴുത്തു കൂട്ടം രൂപീകരിക്കൽ<br>2വായന ചർച്ച<br>3വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടുത്തൽ<br>4ചുമർപത്രിക<br>5വ്യക്തിഗത രചന | ഒക്ടോബർ നവംബർ | ലൈബ്രറി , ഫോട്ടോകൾ , പുസ്തകങ്ങൾ | |
| 4സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1പ്രസംഗ പരിശീലന കളരി<br>2വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3മികച്ച പ്രസംഗങ്ങളുടെ 4ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുന്നു | | ഓഡിയോ വീഡിയോ | പി ടി എ അധ്യാപകർ |

| ഹൈസ്കൂൾ - ഹിന്ദി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഹിന്ദി ഭാഷാ താൽപ്പര്യം വളർത്തുക | ഹിന്ദിയിൽ ലഭ്യമായ കാർട്ടൂണുകൾ കഥകൾ സിനിമ എന്നിവയുടെ പ്രദർശനം | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| പഠനത്തോടൊപ്പം സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുക | ഹിന്ദി കോർണർ രൂപീകരിക്കുന്നു. ഹിന്ദി അസംബ്ലി, വിശേഷ ദിനാചരണ പ്രവർത്തനങ്ങൾ ഹിന്ദിയിൽ നടത്തുന്നു"മേരി ഹിന്ദി പുസ്തിക" എന്ന പേരിൽ സ്വന്തം രചനകൾ എഴുതി അവതരിപ്പിക്കുന്നതിനുള്ള സാഹചര്യം ഉറപ്പാക്കുന്നു. മികച്ച പുസ്തകത്തിന് സമ്മാനം നൽകുന്നു. പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | |
| പഠന പിന്നോക്കക്കാർക്ക് അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | അക്ഷര ചാർട്ടുകൾ ക്ലാസ്സിൽ സ്ഥാപിക്കുന്നു. കേട്ടെഴുത്ത് നടത്തുന്നു. ചെറുകഥകൾ, ചിത്രകഥകൾ വായിപ്പിക്കുന്നു. | ജൂൺ മുതൽ സെപ്റ്റംബർ | ഹിന്ദി അധ്യാപകർ | |
| ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടം എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക | നിരന്തര മൂല്യനിർണ്ണയത്തിലൂടെ പഠന പുരോഗതി വിലയിരുത്തി തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | |
| മാതൃഭാഷ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യുവാൻ പ്രാപ്തരാക്കുക | ക്ലാസ്സ് പൂർണ്ണമായും ഹിന്ദിയിൽ കൈകാര്യം ചെയ്യുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട് കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ ICT സഹായത്തോടെ കാണുവാൻ അവസരം നൽകുന്നു. ചെറുനാടകങ്ങൾ അവതരിപ്പിക്കുന്നു. കവിതകൾ താളാത്മകമായി അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | |

# മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറുക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

www.apluseducare.blogspot.com or Whatsapp 9746544422

# മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets-യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

www.apluseducare.blogspot.com or Whatsapp 9746544422

## HS Social Science.

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സംവിധാനം |
|---|---|---|---|---|---|
| 1. | ജനാധിപത്യം ഒരു ജീവിതരീതി | സ്കൂൾ തിരഞ്ഞെടുപ്പ്, School parliament പ്രവർത്തനം, ദിനാചരണങ്ങളും ദിനാഘോഷങ്ങളും | പ്രത്യേക ദിനങ്ങൾ | | |
| 2. | ചരിത്രബോധം, നാൾ ചരിത്രവും വളർത്തുക. | ഹിസ്റ്ററി ടോപ്പിക്കൾ ചരിത്രവിജ്ഞാനീയം പെരിനാടിന്റെ ചരിത്രം, സ്ത്രീ ചങ്ങാ ലിംഗം ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഉയർന്ന ജാതിയെ എതിർത്ത [കല്ലുമാല സമരം] | പ്രത്യേക ദിനങ്ങൾ | | |
| 3. | ഉന്നതനിലവാരം കൈവരിക്കുന്നതിന് പൊതുവിജ്ഞാനം | GK Centre class room ത്തിൽ വാരാവസാനം ക്വിസ്. | വർഷം ഉടനീളം | Social Science teacher | Social Science club |
| 4. | ഭൂമിശാസ്ത്രത്തെ പഠിക്കൽ - ഭൂപട വായന | ഭൂപട വായന :- അക്ഷാംശ രേഖാംശ ത്തിൽ നിന്നും അന്താരാഷ്ട്ര സമയ വ്യത്യാസം മനസ്സിലാക്കൽ. | വർഷം ഉടനീളം | | |
| 5. | ചരിത്രനിർമ്മിതിയിൽ നാം സാങ്കേതിക ശാസ്ത്രത്തിന്റെ | സാങ്കേതിക lab സജ്ജീകരണം, ഗ്ലോബ് ശേഖരണം, വാന നിരീക്ഷണം, കാലാവസ്ഥ, ഋതുക്കൾ | വർഷം ഉടനീളം | | |

[signature]

# ACCADEMIC MASTER PLAN – MATHS (205-26)

| | മേഖല -ഹൈസ്കൂൾ -ഗണിതം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1).ആശയ ധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കി അടിസ്ഥാന ആശയങ്ങളായ പട്ടിക സങ്കലനം വ്യവകലനം ഗുണനം ഹരണം തുടങ്ങിയവയുടെ പഠനം. | ജൂൺ ആദ്യവാരം- പ്രീ ടെസ്റ്റ് ടീച്ചേഴ്സ് ഗ്രാൻഡ് തുടർ പ്രവർത്തനം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | ടീച്ചേഴ്സ് ഗ്രാൻഡ് |
| 2)നർമതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത. | അക്കാദമിക വർഷത്തിൽ | അധ്യാപകർ, | പി. ടി. എ |
| | മുന്നോക്കം നിൽക്കുന്ന കുട്ടികളെ കൊണ്ട് നിർമ്മിതികൾ വരപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ | മുന്നോക്കം നിൽക്കുന്ന കുട്ടികൾ | പി. ടി. എ |
| 3)ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൽ | ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം, തുടർ പ്രവർത്തനം | അധ്യാപകർ, | പി. ടി. എ |
| 4)ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാന ഉറപ്പിക്കുന്നു | ചർച്ചകൾ ഇടപെടൽ പാടാസൂത്രണം എന്നിവ കൂട്ടായ്മ പ്രവർത്തനങ്ങളിലൂടെ ലക്ഷം കൈവരിക്കുന്നു | ഡിസംബർ ജനുവരി മാസങ്ങളിൽ | അധ്യാപകർ, | പി. ടി. എ |
| 5) ജിയോജിബ്ര പ്രവർത്തനങ്ങൾ | കുട്ടികളിൽ താൽപര്യം ജനിപ്പിക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നു | മാസത്തിലൊന്ന് | അധ്യാപകർ, | |
| 6)ഗണിത മേളയിൽ പങ്കെടുപ്പിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിലൊന്ന് | അധ്യാപകർ, | |

# അക്കാദമിക മാസ്റ്റർ പ്ലാൻ – സയൻസ്

| പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|
| ലഘുപരീക്ഷണങ്ങൾസഹപാഠികൾക്ക് മുമ്പിൽ കുട്ടികൾക്ക് തന്നെ കാണിച്ച് കൊടുക്കാൻ അവസരം നൽകുന്നു.മോഡലുകൾ നിർമിക്കാൻ ആവശ്യമായ നിർദേശങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമിക്കുന്നു. | അക്കാദിമ വർഷം | സയൻസ് അധ്യാപകർ |
| ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് കണ്ടെത്തി പൊതു വേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദിമ വർഷം | സയൻസ് അധ്യാപകർ |
| ഉള്ള സൗകര്യത്തിൽ പച്ചക്കറി തോട്ടം നിർമിക്കുന്നു. | അക്കാദിമ വർഷം | സയൻസ് അധ്യാപകർ |

| | | |
|---|---|---|
| ക്വിസ് , സെമിനാർ,പ്രോജക്റ്റ് എന്നിവ സ്കൂൾ തലത്തിൽ നടത്തി സബ്ജില്ലാ,ജില്ലാ തല മൽസരങ്ങൾക്ക് കുട്ടികളെ തയ്യാറെടുപ്പിക്കുന്നു. | അക്കാദിമ വർഷം | സയൻസ് അധ്യാപകർ |

UPASANA R

HST PHYSICAL SCIENCE

GHSS PERINAD